വൈദ്യുതി പദ്ധതികൾ

27(*57) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഏതെങ്കിലും വൈദ്യുതി പദ്ധതിയുടെ പ്രവർത്തനം മുടങ്ങിക്കിടന്നിരുന്നുവോ ; എങ്കിൽ അവ ഏതൊക്കെ പദ്ധതികൾ എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് മുടങ്ങിക്കിടന്ന വൈദ്യുതി പദ്ധതികൾ പൂർത്തീകരിക്കാനും പ്രവർത്തനക്ഷമമാക്കാനും സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് മുടങ്ങിക്കിടന്ന വൈദ്യുതി പദ്ധതികൾ പൂർത്തീകരിച്ചതോടെ വൈദ്യുതിയുടെ ഉൽപാദനം വർദ്ധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ മുടങ്ങിക്കിടന്ന പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) ഉവ്വ്. പൂർത്തിയാകാത്തതും, പണിമുടങ്ങിക്കിടന്നിരുന്നവയുമായ താഴെപ്പറയുന്ന പദ്ധതികളുടെ പണി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

1.	ലോവർ പെരിയാർ	-	60 X 3 മെഗാവാട്ട്
2.	മാട്ടുപ്പെട്ടി	-	1 X 2 മെഗാവാട്ട്
3.	കക്കാട്	-	2 X 25 മെഗാവാട്ട്
4.	മലമ്പുഴ	-	2.5 മെഗാവാട്ട്

വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. പദ്ധതികളുടെ പുരോഗതി നിരന്തരം വിലയിരുത്തുകയും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം യഥാസമയം നൽകുകയും ചെയ്യുന്നു.

2. ഓരോ പദ്ധതികളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും പുരോഗതി അവലോകനം ചെയ്യുവാനും വേണ്ടി പ്രോജക്ട് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സമയാസമയങ്ങളിൽ പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി അവലോകനം ചെയ്യുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് അപ്പപ്പോൾ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

4. ഓരോ ജോലിയ്ക്കും കൃത്യമായ സമയപരിധി നിശ്ചയിച്ച് നിർദ്ദിഷ്ട ഓഫീസർമാർക്ക് ചുമതല നൽകുകയും ചെയ്യുന്നു.

5. പോപ്പുലർ കമ്മറ്റി രൂപീകരിച്ച് പ്രസ്തുത കമ്മറ്റിയുടെ സഹായം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രയോജനപ്പെടുത്തി വരുന്നു.

(സി&ഡി) ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയതുൾപ്പെടെ 957 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം

28(*58) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് വേണ്ടി കേന്ദ്രത്തിൽ നിന്നും 1999-2000-ൽ എന്തു തുക ലഭിച്ചു ;

(ബി) 2000-2001 -ൽ ഇതുവരെ എന്ത് തുക ലഭിച്ചിട്ടുണ്ട് ;

(സി) 1999-2000-ലും 2000-2001 -ലും ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ എത്ര ശതമാനം വീതം ചെലവഴിച്ചു ;

(ഡി) ഈ വർഷം ചെലവു കുറയുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) വർഷാവർഷം ചെലവഴിക്കുന്ന തുകയുടെ അടിസ്ഥാനത്തിലാണോ കേന്ദ്രം അടുത്ത വർഷത്തേക്ക് തുക അനുവദിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് വേണ്ടി 1999-2000-ൽ കേന്ദ്രത്തിൽ നിന്നും 3456.30 ലക്ഷം രൂപ ലഭിച്ചു.

(ബി) 2873 ലക്ഷം രൂപ

(സി) 1999-2000-ൽ 4227.56 ലക്ഷം രൂപ ചെലവഴിച്ചു. 1999-2000-ൽ ലഭിച്ച കേന്ദ്രവിഹിതമായ 3456.30 ലക്ഷം രൂപയും വർഷാരംഭത്തിലുള്ള നീക്കിയിരിപ്പു തുകയായ 2925.88 ലക്ഷം രൂപയും ചേർത്ത് ആകെ ലഭ്യമായ തുക 6382.18 ലക്ഷം രൂപ ആയിരുന്നു. ഇതിന്റെ 66% തുക ചെലവഴിച്ചിട്ടുണ്ട്. 2000-2001-ൽ നീക്കിയിരിപ്പ് തുക 2154.62 ലക്ഷം രൂപയും ഇതിന്റെ കൂടെ കേന്ദ്രത്തിൽ നിന്നും ലഭിച്ച 2873 ലക്ഷം രൂപയും ചേർത്ത് ആകെ ലഭ്യമായ തുക 5027.62 ലക്ഷം രൂപ. 2000-2001-ൽ ഇതുവരെ (30 നവംബർ 2000 വരെ) ചെലവായ തുക 1226 ലക്ഷം രൂപയാണ്. ഇത് ലഭ്യമായ തുകയുടെ 24.38% ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly